# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1265** — **06.03.2018 ൽ മറുപടിയ്ക്ക്**

## കേരഗ്രാമം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |
| എ) മലപ്പുറം ജില്ലയിൽ എത്ര പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്; | എ) മലപ്പുറം ജില്ലയ്ക്ക് 2014-15, 2015-16 വർഷം അനുവദിച്ച 3 കേരഗ്രാമങ്ങൾ 4 പഞ്ചായത്തുകളിലായും, 2016-17 വർഷം അനുവദിച്ച 3 കേരഗ്രാമങ്ങൾ 5 പഞ്ചായത്തുകളിലായും നടപ്പിലാക്കുകയും 2017-18 വർഷം അനുവദിച്ച 6 കേരഗ്രാമങ്ങൾ 6 പഞ്ചായത്തുകളിലായും നടപ്പിലാക്കി വരുന്നു. |
| ബി) ഇത് സംബന്ധിച്ച് കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;<br><br>സി) കേരഗ്രാമം പദ്ധതി നടപ്പിലാക്കിയ പഞ്ചായത്തുകൾക്ക് ഇത് സംബന്ധിച്ച് എന്തെങ്കിലും പദ്ധതികളോ ഫണ്ടുകളോ അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | ബി) & സി) ഓരോ ജില്ലയ്ക്കും അനുവദിച്ച് നൽകുന്ന "കേരഗ്രാമം" എന്ന പദ്ധതിയിൽ ഏറ്റെടുക്കാവുന്ന ഘടകങ്ങളും സബ്സിഡി മാനദണ്ഡങ്ങളും പ്രതിപാദിക്കുന്ന പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ അതാതു വർഷങ്ങളിൽ തന്നെ പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രാദേശികമായി സംഘടിപ്പിക്കുന്ന സർവ്വേ നടപടികളിലൂടെ പദ്ധതി നടപ്പിലാക്കുന്ന പ്രദേശം നിർണ്ണയിച്ച് അറിയിക്കുന്ന മുറയ്ക്ക് പദ്ധതി നടത്തിപ്പിനാവശ്യമായ ഫണ്ടുകൾ കൃഷി വകുപ്പിൽ നിന്നും യഥാസമയം നൽകുകയുണ്ടായി.<br><br>പദ്ധതി നിർവ്വഹണത്തിനായി മലപ്പുറം ജില്ലയ്ക്ക് 2014-15 വർഷം 456 ലക്ഷം രൂപയും 2015-16 വർഷം 443.1 ലക്ഷം രൂപയും 2016-17 വർഷം 358.54555 ലക്ഷം രൂപയും 2017-18 വർഷം 453.60 ലക്ഷം രൂപയും പദ്ധതി ഫണ്ടായി കൃഷി വകുപ്പിൽ നിന്നും അനുവദിച്ച് നൽകുകയുണ്ടായി. |

| | | | |
|---|---|---|---|
| ഡി) | കോട്ടക്കൽ നിയോജക മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കമോ? | ഡി) | 2017-18 വർഷം കേരഗ്രാമം പദ്ധതി നടപ്പിലാക്കുവാൻ തിരഞ്ഞെടുത്തിരിക്കുന്ന കോട്ടക്കൽ നിയോജക മണ്ഡലത്തിലെ എടയൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന കേരഗ്രാമത്തിന് 75.35 ലക്ഷം രൂപ പദ്ധതി ഫണ്ടായി അനുവദിച്ച് നൽകിയിട്ടുണ്ട്. ടി പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്. |

**സെക്ഷൻ ഓഫീസർ**